LIBRARY ARCHIVES Kerala Legislative Assembly

2004-2005 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ

4 [178] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 2004-2005 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ എത്ര കോടി രൂപയായിരുന്നു;

(ബി) പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വെട്ടിക്കുറവ് വരുത്തി എന്നും എത്ര കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയത് എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പ് വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം എത്ര കോടിയാണെന്നും അതിന് നാളിതുവരെ എത്ര കോടി രൂപ പിരിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പു വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനത്തിന്റെ വിനിയോഗം ഏതെല്ലാം മേഖലകളിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4852.03 കോടി രൂപ.

(ബി) റവന്യൂ വരുമാനത്തിനനുസൃതമായി പദ്ധതിച്ചെലവുകൾ നിജപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്.

(സി) 2004-2005 വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 14263.96 കോടി രൂപയാണ്. 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 30-11-2004 വരെയുള്ള റവന്യൂ വരുമാനം 7633.23 കോടി രൂപയാണ്.

(ഡി) സംസ്ഥാനത്തിന്റെ ധനവിനിയോഗം റവന്യൂ വരുമാനവുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനം കൺസോളിഡേറ്റഡ് ഫണ്ടിൽ നിക്ഷേപിക്കപ്പെടുകയും ബജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന രീതിയിൽ വിവിധ മേഖലകൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു.

എ.ഡി.ബി. സംഘത്തിന്റെ ഓഫീസ് പരിശോധന

5 [179] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ഏതെല്ലാം ഓഫീസുകളിലാണ് എ.ഡി.ബി. സംഘം പരിശോധനയ്ക്ക് എത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എ.ഡി.ബി. സംഘത്തോടൊപ്പം സംസ്ഥാനത്ത് നിന്നുള്ള ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് പങ്കെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭരണനവീകരണവും എ.ഡി.ബി. വായ്പയുമായും ബന്ധപ്പെട്ടാണോ ഈ സംഘം ഒഫീസുകൾ പരിശോധിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം ഓഫീസുകളിലാണ് ജീവനക്കാരുടേയും പൊതുജനങ്ങളുടേയും എതിർപ്പുമൂലം എ.ഡി.ബി. സംഘത്തിന് പരിശോധനയിൽ നിന്ന് പിൻവാങ്ങേണ്ടി വന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഒരു ഓഫീസിലും എ.ഡി.ബി. സംഘം പരിശോധന നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

എം. ജി. പി.-യുടെ മാനദണ്ഡം പുനർനിർണ്ണയിക്കാൻ നടപടി

6 [180] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.പി. വഴി ഉണ്ടായ ഭൗതിക നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) എം.ജി.പി.-യുടെ പ്രയോജനം ലഭിക്കുന്ന സ്ഥാപനങ്ങളേയും സംവിധാനങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചതും അംഗീകരിച്ചതും എന്നാണെന്നും ആരാണെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലുമുള്ള ആശുപത്രികൾ, വിദ്യാലയങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്ക് എം.ജി.പി. പ്രയോജനം ലഭിക്കുന്നതിനായി മാനദണ്ഡം പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങളുടെയും ഓഫീസുകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി സേവന നിലവാരം ഉയർത്തുന്നതിനായി ഭരണ നവീകരണ പരിപാടിക്ക് കീഴിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് സേവന പ്രദാന പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട 2605

LIBRARY ARCHIVES Kerala Legislative Assembly